**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4069** **03-03-2023 - ൽ മറുപടിയ്ക്ക്**

**പ്ലാസ്റ്റിക് മുതലായവ ഭക്ഷ്യ ഉൽപ്പന്നങ്ങളിൽ ചേർക്കുന്നതിനെതിരെ കർശന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ചിപ്സ്, വറ്റൽ തുടങ്ങിയ എണ്ണ പലഹാരങ്ങൾ തയ്യാറാക്കുന്ന കടകളിൽ തിളച്ച എണ്ണയിൽ പ്ലാസ്റ്റിക് കവറുകൾ ഇട്ടുരുക്കിയ ശേഷം പലഹാരങ്ങൾ വറുത്ത് കോരിയെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | പ്രസ്തുത വിഷയം സംബന്ധിച്ച് ഒരു പരാതി ആലപ്പുഴ ജില്ലയിൽ ലഭിയ്ക്കുകയുണ്ടായി. സോഷ്യൽ മീഡിയയിലൂടെ ഇത്തരം വാർത്തകൾ പരക്കുന്നതിന്റെ അടിസ്ഥാനത്തിൽ പരിശോധനകൾ നടത്തുകയും സാമ്പിളെടുത്ത് ടെസ്റ്റിന് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചിപ്സിൽ പ്ലാസ്റ്റിക്കിന്റെ അംശം ഉള്ളതായി പരിശോധനയിലോ ടെസ്റ്റ് റിപ്പോർട്ടിലോ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. |
| (ബി) | ഇത്തരം കുറ്റകൃത്യങ്ങൾക്കെതിരെ ഭക്ഷ്യസുരക്ഷ വകുപ്പ് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ; | (ബി) | ആരോഗ്യത്തിന് ഹാനികരമായ പ്ലാസ്റ്റിക് പോലെയുള്ള പദാർത്ഥങ്ങൾ ഭക്ഷ്യ ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്ന വേളയിൽ ചേർക്കുന്നതായി പരിശോധനയിലോ ലാബ് റിപ്പോർട്ടിലോ വെളിപ്പെട്ടിട്ടില്ല. അത്തരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപെട്ടാൽ നിയമപരമായ നടപടികൾ സ്വീകരിയ്ക്കുന്നതാണ്. |
| (സി) | ആരോഗ്യത്തിന് ഹാനികരമായ പ്ലാസ്റ്റിക് പോലെയുള്ള പദാർത്ഥങ്ങൾ ഭക്ഷ്യ ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്ന വേളയിൽ ചേർക്കുന്നതിനെതിരെ കർശന നിയമ നടപടി സ്വീകരിക്കുമോ; | (സി) | ആരോഗ്യത്തിന് ഹാനികരമായ പ്ലാസ്റ്റിക് പോലെയുള്ള പദാർത്ഥങ്ങൾ ഭക്ഷ്യ ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്ന വേളയിൽ ചേർക്കുന്നതായി പരിശോധനയിലോ ലാബ് റിപ്പോർട്ടിലോ വെളിപ്പെട്ടിട്ടില്ല. അത്തരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപെട്ടാൽ നിയമപരമായ നടപടികൾ സ്വീകരിയ്ക്കുന്നതാണ്. |
| (ഡി) | ബേക്കറി ഉൾപ്പന്നങ്ങൾ ചൂടോടെ പ്ലാസ്റ്റിക് കവറുകളിലും പ്രിന്റ് ചെയ്ത ന്യൂസ് പേപ്പറിലും പൊതിഞ്ഞ് നൽകുന്ന കടക്കാർക്കെതിരെ ഭക്ഷ്യസുരക്ഷ വകുപ്പ് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | ബേക്കറി ഉൾപ്പന്നങ്ങൾ ചൂടോടുകൂടി പ്ലാസ്റ്റിക് കവറുകളിൽ പായ്ക്ക് ചെയ്യാൻ പാടില്ല. ചൂടുള്ള ഭക്ഷണ സാധനങ്ങൾ പ്ലാസ്റ്റിക് പേപ്പറിലും കവറിലും പൊതിയുന്നതും, കഴിക്കാൻ പാകമായ ഭക്ഷണ സാധനങ്ങൾ ന്യൂസ് പേപ്പറിൽ പൊതിഞ്ഞ് നൽകുന്നതും ശ്രദ്ധയിൽപെട്ടാൽ നിയമപരമായ നടപടികൾ സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ